DESPATCHED
On 29/06/2020
8-5-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.62(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.288/എസ്.ഐ.സി-ജി 6/14

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.എൻ.ജി. ജോസഫ്
കാർമൽ വില്ല, നെല്ലിക്കൽ ഹൗസ്
പെരുമ്പടപ്പ്
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ടൗൺ പ്ലാനിംഗ് / എഞ്ചിനീയറിംഗ് പള്ളുരുത്തി
കൊച്ചി നഗരസഭ കാര്യാലയം
മേഖല ഓഫീസ് പള്ളുരുത്തി

2. അപ്പീൽ അധികാരി
എക്സിക്യൂട്ടീവ് എഞ്ചിനീയർ-2
കൊച്ചി നഗര സഭ ടൗൺ പ്ലാനിംഗ് വിഭാഗം
കൊച്ചി നഗര സഭ

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് നൽകിയതെന്നും, ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 30.07.2013 ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 09.12.2013 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 20.09.2013 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 09.10.2013 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ

ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 7 ദിവസത്തിനകം ഹർജിക്കാരന് നൽകാൻ എസ്.പി.ഐ.ഒ യോട് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കി. എസ്.പി.ഐ.ഒ. ഹർജ്ജിക്കാരന് 27.07.2014 ൽ നൽകിയ കത്തിൽ ബഹു.കോടതി വിധി അനുസരിച്ച് കൈയ്യേറ്റങ്ങൾ പൊളിച്ചു നീക്കുന്നതിനെതിരെ സ്റ്റേ നില നിൽക്കുന്നത് ഒഴികെയുള്ള അനധികൃത നിർമ്മാണം 23.11.2013 ന് പൊളിച്ചു നീക്കിയെന്നാണ് അറിയിച്ചിരിക്കുന്നത്. കൊച്ചി നഗരസഭ പള്ളുരുത്തി മേഖലാ കാര്യാലയം എസ്.പി.ഐ.ഒ വിവരം വൈകിപ്പിക്കുകയും കളവായ വിവരം തന്നതിനെതിരെയും ടി വിവരം അപ്പീൽ അതോറിറ്റിയിൽ നൽകിയപ്പോൾ അവിടെയും വിവരം വൈകിച്ചുവെന്നു കാണിച്ച് ഹർജിക്കാരൻ രണ്ടാം അപ്പീൽ നൽകുകയും ആയതിൽ 23.11.2013 കൈയ്യേറ്റം ഒഴിപ്പിച്ചുവെന്ന് പറയുന്നതിലെ 2 കെട്ടിടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും ഹിയറിംഗിൽ കേട്ടതിലും, 23.11.2013 ൽ പൊളിച്ചു നീക്കി എന്നു പറയുന്ന കെട്ടിടം ഇപ്പോഴും നില നിൽക്കുന്നുവെന്ന് ഹർജിക്കാരൻ തുടർന്നും ആരോപണം ഉന്നയിച്ചതിൽ ടി വിവരം പരിശോധിച്ച് 1 ആഴ്ചക്കുള്ളിൽ കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കാൻ എസ്.പി.ഐ.ഒ യോട് നിർദ്ദേശിച്ചു കൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 08-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)